ഉത്തരം

(എ) പരാതി ലഭിച്ചിട്ടുണ്ട്.

(ബി) കേസന്വേഷണത്തിൽ ലോക്കൽ പോലീസിന്റെ നടപടികളിൽ എന്തെങ്കിലും അപാകതയുണ്ടോ എന്നന്വേഷിക്കാൻ വേണ്ടി ക്രൈം ബ്രാഞ്ചിനെ ഏൽപ്പിച്ചിട്ടുണ്ട്.

തേൻതൊടി മീത്തൽ ഗോപാലൻ നായർ വിശാഖപട്ടണത്ത് കടലിൽ വീണ് മരിച്ച സംഭവം

74 [1549] ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി താലൂക്ക് കീഴരിയൂർ പഞ്ചായത്തിലെ മത്സ്യത്തൊഴിലാളി തേൻതൊടി മീത്തൽ ഗോപാലൻ നായർ വിശാഖപട്ടണത്തു വച്ച് കടലിൽ വീണ് മരിച്ച സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) ഈ വ്യക്തിയുടെ കുടുംബത്തിന് നഷ്ടപരിഹാരം സർക്കാരിൽനിന്നും നൽകിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിശാഖപട്ടണത്തുവച്ച് 2001 ജൂൺ 6-ാം തീയതി രാത്രി ഗോപാലൻ നായർ എന്ന മത്സ്യത്തൊഴിലാളി ഉൾനാടൻ മത്സ്യബന്ധന ബോട്ടിൽ നിന്ന് വീണു മരിച്ചു എന്നും ശവശരീരം കണ്ടുകിട്ടിയില്ല എന്നും അറിയുവാൻ കഴിഞ്ഞു.

(സി) ഇല്ല.

പാലക്കാട് ഡി വൈ. എസ്. പി., എം. ഡി. ബേബിയുടെ പേരിലുള്ള പരാതി

75 [1550] ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ഡി വൈ. എസ്. പി.-യായ എം. ഡി. ബേബിയുടെ പേരിൽ എന്തെങ്കിലും പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പരാതികൾ എന്നു വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏതെല്ലാം പരാതികളിന്മേൽ കേസ് എടുത്തിട്ടുണ്ടെന്നും ഇവ ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് എടുത്തിട്ടുള്ളതെന്നും ഓരോ കേസും ഇപ്പോൾ ഏതു ഘട്ടത്തിലാണ് എന്നതിന്റെയും വിശദാംശം വ്യക്തമാക്കുമോ;

(സി) അനധികൃത സ്വത്ത് സമ്പാദനം, അധികാര ദുർവിനിയോഗം, അനധികൃത പാറപൊട്ടിക്കൽ തുടങ്ങിയ എത്ര കേസുകൾ ഇപ്രകാരം നിലവിലുണ്ട്;

(ഡി) സർക്കാരിന് നൽകിയ പ്രോപ്പർട്ടീസ് സ്റ്റേറ്റ്മെന്റ് പ്രകാരം ഇയാളുടെ വസ്തുവകകൾ എത്രയാണ്;

(ഇ) അതിലുമധികമായി എത്ര സ്വത്തുക്കൾ ഇയാളുടെ വകയായിട്ടുണ്ട് എന്നതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(എഫ്) ഇയാളുടെ പേരിലുള്ള ഏതെല്ലാം കേസുകളിൽ അന്വേഷണം പൂർത്തിയായിട്ടുണ്ട്;

(ജി) അതുപ്രകാരം ഇയാൾക്കെതിരെ എന്തെല്ലാം ശിക്ഷാനടപടികൾ നാളിതുവരെ സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(എച്ച്) ഇയാളെ സർവ്വീസിൽ നിന്നും മാറ്റി നിർത്തി കേസ് അന്വേഷണം നടത്താത്തതുമൂലം കേസിനെ പ്രസ്തുത ഡി വൈ. എസ്. പി. സ്വാധീനിക്കുന്നതിനാൽ കേസുകൾ തീർപ്പാക്കാതിരിക്കുകയും തീർപ്പാക്കിയതിൽ ശിക്ഷാനടപടികൾ സ്വീകരിക്കാതിരിക്കുകയും ചെയ്യുന്നത് സർക്കാർ പരിശോധിക്കുമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്. ഒമ്പത് പരാതികൾ.

(ബി) കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല. പരാതികളിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ട്.

(സി) കേസുകൾ ഒന്നും തന്നെ നിലവിലില്ല.

(ഡി & ഇ) വിവരം ശേഖരിച്ചുവരുന്നു.

(എഫ് & ജി) കേസുകൾ ഒന്നും രജിസ്റ്റർ ചെയ്തിട്ടില്ല.

(എച്ച്) ഇദ്ദേഹത്തിനെതിരെ ക്രൈം കേസുകൾ ഒന്നും രജിസ്റ്റർ ചെയ്തിട്ടില്ലാത്തതിനാൽ ചോദ്യം പ്രസക്തമല്ല.

LIBRARY ARCHIVES Kerala Legislative Assembly